

THURSDAY 28-07-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-28/07/2022.

1. അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതിയുടെ രണ്ടാംഘട്ടമായി അട്ടപ്പാടി ചീരക്കടവിൽ നിർമിച്ച ചെറു ധാന്യ സംസ്കരണ ശാലയുടെ ഉദ്ഘാടനം നാളെ (29.07.2022) കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും. ആദിവാസി ജനവിഭാഗത്തിന്റെ സമൂലമായ ഉന്നമനം ലക്ഷ്യമാക്കി, അട്ടപ്പാടിയുടെ തനത് കാർഷിക സാംസ്കാരിക പൈതൃകം തിരിച്ചു കൊണ്ടുവരുന്നതിനും ആദിവാസി ഗോത്ര സമൂഹത്തിന്റെ സമഗ്ര പുരോഗതിക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് മില്ലറ്റ് വില്ലേജ്. മണ്ണാർക്കാട് എം എൽ എ അഡ്വ. എൻ ഷംസുദ്ദീൻ ചടങ്ങിൽ അധ്യക്ഷത വഹിക്കും. ഇതിനോടനുബന്ധിച്ച്, പദ്ധതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട ആദിവാസി കർഷക ഉത്പാദക കമ്പനിയുടെ ഓഹരി പത്രിക വിതരണ ഉദ്ഘാടനം മുൻ കൃഷിവകുപ്പ് മന്ത്രി അഡ്വ. വി. എസ് സുനിൽകുമാറും, ജൈവ സാക്ഷ്യപത്ര വിതരണ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മരുതി മുരുകനും നിർവഹിക്കുന്നതാണ്.

2. ഹരിപ്പാട് ബ്ലോക്കിലെ കർഷക സഭയും ഞാറ്റുവേല ചന്തയും നാളെ (ജൂലൈ 29) രാവിലെ 11 മണിക്ക് ഹരിപ്പാട് റവന്യൂ ടവർ അങ്കണത്തിൽ വെച്ച് ഹരിപ്പാട് എം. എൽ. എ. രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. പ്രസ്തുത പരിപാടിയിൽ പഞ്ചായത്തു തല കർഷക സഭകളിൽ ഉയർന്നു വന്ന പ്രശ്ന പരിഹാര ചർച്ചയും, കാർഷിക ഉൽപ്പന്ന വിപണന മേളയും, വിള ആരോഗ്യ പരിപാലന കേന്ദ്രത്തിന്റെ സേവനവും ഉണ്ടായിരിക്കുന്നതാണ്.

3. സംസ്ഥാന മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ആലപ്പുഴ തോണ്ടൻകുളങ്ങര, ഇന്ദിര ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന മേഖല മണ്ണ് പരിശോധന ലബോറട്ടറിയിൽ കർഷകരുടെ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണാരോഗ്യ കാർഡ് നൽകുന്നു. പരിശോധനയ്ക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതാണ്. താൽപര്യമുള്ളവർ തണലത്ത് ഉണക്കിയ, കുറഞ്ഞത് അരക്കിലോ വരുന്ന മണ്ണ് സാമ്പിളുകൾ ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0477 2236294** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് പരിസരത്ത് പ്രവർത്തിക്കുന്ന വി.എഫ്.പി.സി.കെ കൃഷി ബിസിനസ് കേന്ദ്രയിൽ നിന്നും TxD, DxT തെങ്ങിൻ തൈകൾ ഇരുന്നൂറ് (200) രൂപ നിരക്കിലും

മലയൻപച്ച ഇനം നൂറ് (100) രൂപ നിരക്കിലും ലഭ്യമാണ്. വിയറ്റ്നാം ഏർളി ജാക്ക് പ്ലാവിനം നൂറ്റിഅൻപത് (150) രൂപ നിരക്കിലും ലഭ്യമാണ്. കൂടാതെ പയർ, മല്ലി, മുളക്, കാപ്സികം, കത്തിരി, വഴുതന എന്നിവയുടെ സങ്കര ഇനങ്ങളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **8289907652** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിന്റെ സംസ്ഥാനതല പരിശീലന സ്ഥാപനമായ ചടയമംഗലം നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2022 വർഷത്തേക്കുള്ള **വാട്ടർഷെഡ് മാനേജ്മെന്റി**ലുള്ള ഒരു വർഷ ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. പ്ലസ്ടു / തത്തുല്യയോഗ്യത അല്ലെങ്കിൽ ബി.പി.പി.ആണ് യോഗ്യത. 10600 രൂപയാണ് കോഴ്സിന്റെ ഫീസ്. അപേക്ഷകൾ ഈ മാസം 31-ന് (ജൂലൈ 31) മുമ്പായി http://www.ignou.ac.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ ഡയറക്ടറേറ്റിലെ **0471 2339899** എന്ന ഫോൺ നമ്പരിലോ, സംസ്ഥാന നീർത്തട വികസന പരിപാലന വികസന പരിശീലന കേന്ദ്രത്തിലെ **0474–2476020, 2475051, 9446446632, 9567305895** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് ഒരു രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വിൽപന സമയം 9 മണി മുതൽ 4 മണി വരെയായിരിക്കും.

7. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് ഫാം കോമ്പൗണ്ടിനുള്ളിലെ വിവിധ പ്ലോട്ടുകൾ, സ്റ്റേറ്റ് ഫോഡർ ഫാം, വലിയതുറ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന ഹൈബ്രിഡ് തീറ്റപ്പുല്ല് ഫാമിലെത്തിക്കുന്നതിന് വാഹനം വാടകയ്ക്ക് നൽകാൻ താൽപര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി നാളെയാണ് (ജൂലൈ 29). കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രം സൂപ്രണ്ടിന്റെ പേരിൽ അയയ്ക്കുന്ന ക്വട്ടേഷൻ കവറിനു പുറത്ത് **തീറ്റപ്പുല്ല് ട്രാൻസ്പോർട്ട് ചെയ്യുന്നതിനുള്ള ക്വട്ടേഷൻ 2022–23**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂലൈ 28) രാവിലെ 11 മണിക്ക് **ആഫ്രിക്കൻ സൈ്വൻ ഫീവർ** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തിയിലെ കമ്മ്യൂണിക്കേഷൻ സെൻറർ കർഷകർക്കായി **നഴ്സറി പരിപാലനവും പ്രവർദ്ധനമാർഗങ്ങളും** എന്ന വിഷയത്തിൽ ഓഗസ്റ്റ് 3, 4, 5 തീയതികളിൽ പരിശീലന പരിപാടി നടത്തുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ വിവിധ നഴ്സറി പരിപാലന മാർഗ്ഗങ്ങളെയും ഒരുക്കേണ്ട സംവിധാനങ്ങളെയും പരിചയപ്പെടുത്തുന്നു. കൂടാതെ വിവിധ പ്രവർദ്ധനമാർഗങ്ങളായ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിങ് എന്നിവയിൽ പ്രവൃത്തി പരിചയം കരസ്ഥമാക്കാനും അവസരം ഒരുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0487 2370773** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. വയനാട് ജില്ലയിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസ് പാലോടിന്റേയും, ജില്ലാ അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ടിന്റെയും, കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിന്റെയും, പാറശ്ശാല പന്നിവളർത്തൽ കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ പന്നി വളർത്തൽ കർഷകർക്ക് ഓൺലൈൻ ആയി ഒരു ബോധവൽക്കരണ ക്ലാസ് നാളെ (29-7-22 ന്) ഉച്ചയ്ക്ക് 2.30 ന് സംഘടിപ്പിക്കുന്നു. https://meet.google.com/npt-hbkc-reu എന്നതാണ് ക്ലാസിന്റെ ഗൂഗിൾ മീറ്റ് ലിങ്ക്.

11. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൊമ്പൻ ചെല്ലിയുടെ ആക്രമണം നേരിടുന്ന തെങ്ങുകളിൽ മഴക്കാലത്ത് കൂമ്പു ചീയൽ രോഗം ഉണ്ടാകാനുള്ള സാധ്യത കൂടുതലായതിനാൽ കൂമ്പു ചീയൽ രോഗത്തെ പ്രധിരോധിക്കുന്നതിനായി തുരിശും ചുണ്ണാമ്പും കലർന്ന ലായനി (1 % ബോർഡോ മിശ്രിതം ) തെങ്ങിൻ മണ്ടയിലും ഇലകളിലുമായി തളിക്കുക. രോഗം ബാധിച്ച തെങ്ങുകളിൽ സമർത് (SAMARTH) 3 മില്ലി 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയ ലായനിയിൽ നിന്നും ഒരു തെങ്ങിന് 300 മില്ലി ലായനി എന്ന അളവിൽ തെങ്ങിൻ മണ്ടയിലും ഇലകളിലുമായി തളിച്ച് കൊടുക്കുക. കൂടുതൽ വിവരങ്ങൾക്ക് **9446093329, 9778764946, 8089392833** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## 12. ആഫ്രിക്കൻ സൈ്വൻ ഫീവർ രോഗബാധയുടെ പശ്ചാത്തലത്തിൽ മൃഗസംരക്ഷണ വകുപ്പ് പുറപ്പെടുവിക്കുന്ന ജാഗ്രത നിർദേശങ്ങൾ

- പന്നികൾക്ക് അറവുശാലകളിൽ നിന്നുള്ള മാലിന്യം, അടുക്കള വേസ്റ്റ്, മാംസം അടങ്ങിയവ ഹോട്ടൽ വേസ്റ്റ് എന്നിവ ഭക്ഷണമായി നൽകുന്നത് ഒഴിവാക്കുക. സസ്യഭോജനമാണെങ്കിലും 20 മിനിറ്റ് നേരം വേവിച്ച് മാത്രം ഹോട്ടൽ വേസ്റ്റ് ഭക്ഷിക്കാനായി പന്നികൾക്ക് നൽകുക.
- പന്നിയിറച്ചിയും മറ്റ് പന്നിയുത്പന്നങ്ങളും ഫാമിലേക്ക് കൊണ്ടുവരുന്നതും ഫാമിൽ നിന്ന് പുറത്തേക്ക് കൊണ്ടുപോകുന്നതും ഒഴിവാക്കുക.
- പന്നിഫാമിലേക്ക് മറ്റു മൃഗങ്ങളോ എലികളോ പക്ഷികളോ കടക്കുന്നത് തടയുക. പക്ഷികൾ ഫാമിൽ കയറാതിരിക്കാൻ വശങ്ങളിൽ നെറ്റ് ക്രമീകരിക്കേണ്ടതാണ്.
- പന്നികളിൽ രോഗലക്ഷണം കാണുകയാണെങ്കിൽ അടുത്തുള്ള വെറ്ററിനറി ഡോക്ടറുമായി ബന്ധപ്പെടുക.
- പുതുതായി ഫാമിലേക്ക് പന്നിക്കുഞ്ഞുങ്ങളെ വാങ്ങുന്നത് താൽക്കാലികമായി ഒഴിവാക്കുക.
- തൊഴിലാളികളെ രോഗലക്ഷണങ്ങളെ കുറിച്ച് ബോധവാന്മാരാക്കുകയും അവർ മറ്റു ഫാമുകളിലേക്ക് പോകുന്നത് തടയുകയും ചെയ്യുക.